# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2286
### (14.06.2019-ലെ മറുപടിക്ക്)

### <u>റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേകാനുമതി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൾ ഹമീദ്. പി<br>(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പൊതുമരാമത്ത് വകുപ്പിന് പ്രത്യേകാനുമതിയും നടപടി ക്രമങ്ങളിൽ ഇളവും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ? | 21.08.2018-ലെ സ.ഉ.(സാധാ)നം. 1309/2018/പൊ.മ.വ പ്രകാരം പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികൾക്ക് ഒന്നാം ഘട്ടമായി 1000 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 31.10.2018-ലെ സ.ഉ.(സാധാ)നം.8985/2018/ധന ഉത്തരവ് പ്രകാരം പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപണികൾക്കായി 400 കോടി രൂപ 3054-03-337-96 (NP) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ/പാലങ്ങളുടെ അറ്റകുറ്റപണികൾക്ക് 22.12.2018-ലെ സ.ഉ.(സാധാ) നം. 1978/2018/പൊ.മ.വ ഉത്തരവ് പ്രകാരം 1191 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രളയബാധിത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടി ഒരു പ്രത്യേകാനുമതിയും ഭരണാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |

Hajikumar

**സെക്ഷൻ ഓഫീസർ**